**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415** **13-09-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇന്ത്യൻ കോഫി ഹൗസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിൽ കരാറില്ലാതെ നിയമവിരുദ്ധമായി 2018 ഡിസംബർ മുതൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് അടച്ചു പൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തുള്ള താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് ക്യാന്റീൻ നടത്തിപ്പിനായി മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും ഇന്ത്യൻ കോഫി ബോർഡും തമ്മിലുണ്ടാക്കിയ കരാറിന്റെ കാലാവധി 2018 നവംബർ 30 ന് അവസാനിച്ചിരുന്നു. 2018 ഡിസംബർ 1 മുതൽ 2023 ജനുവരി വരെയുള്ള കാലയളവിലാണ് ഇന്ത്യൻ കോഫി ഹൗസ് ലൈസൻസില്ലാതെ പ്രവർത്തിച്ചു വന്നിരുന്നത്. തുടർന്ന്, ഷെഡ് ഒഴിയുന്നതിനുള്ള നോട്ടീസ് ഇന്ത്യൻ കോഫി ഹൗസിന് നൽകുകയുണ്ടായി. എന്നാൽ, ഇതിന് ഒരു വർഷത്തെ സാവകാശം അനുവദിക്കണമെന്ന് അപേക്ഷിച്ച് ഇന്ത്യൻ കോഫി ഹൗസ് ബഹു.ഹൈക്കോടതിയിൽ 39208/2018 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ടി കേസിലെ 15/02/2019 – ലെ വിധി പ്രകാരം ഇന്ത്യൻ കോഫി ഹൗസിന് മൂന്ന് മാസം സമയം അനുവദിക്കുകയുമുണ്ടായി. മെഡിക്കൽ കോളേജ് അധികൃതർക്ക് നിർമ്മാണ പ്രവർത്തിയുടെ തുടർ നടപടികളുമായി മുന്നോട്ട് പോകാമെന്നും എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുന്ന മുറക്ക് ചുരുങ്ങിയത് 15 ദിവസത്തിനകം നോട്ടീസ് നൽകി ഇന്ത്യൻ കോഫി ഹൗസിനെ ഒഴിപ്പിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. 2018 നവംബർ 30 മുതൽ മെഡിക്കൽ കോളേജുമായി യാതൊരു കരാറുകളുമില്ലാതെയാണ് ഇന്ത്യൻ കോഫി ഹൗസ് താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നത്. ഇന്ത്യൻ കോഫി ഹൗസിന് അവണൂർ ഗ്രാമ പഞ്ചായത്ത് അനുവദിച്ചിരുന്ന ലൈസൻസ് 2019 മാർച്ച് 31 ന് കാലഹരണപ്പെട്ടിരുന്നു. പിന്നീട് നിർമ്മിച്ച ആശുപത്രി വികസന സമിതി ക്യാന്റീനിന്റെ നടത്തിപ്പിനായി നിരവധി തവണ ടെൻഡർ വിളിച്ചെങ്കിലും അവയിലൊന്നും പങ്കെടുത്ത് ഷെഡ് |

ഒഴിയാൻ ഇന്ത്യൻ കോഫി ഹൗസ് തയാറായിരുന്നില്ല. തുടർന്ന് മറ്റൊരു കരാറുകാരൻ പ്രതിവർഷം 2 കോടി 21 ലക്ഷം രൂപക്ക് ആശുപത്രി വികസന സമിതി ക്യാന്റീൻ നടത്തിപ്പ് അവകാശം നേടുകയുണ്ടായി. അനധികൃതമായി പ്രവർത്തിച്ചിരുന്ന കാന്റീൻ വൃത്തിഹീനമായ സ്ഥിതിയിലാണെന്ന പരാതിയിൽ നിരന്തരം പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ കോളേജ് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ റിപ്പോർട്ട് നൽകിയിരുന്നു. കോവിഡ് കാലയളവിൽ മാനദണ്ഡങ്ങൾ പാലിക്കാതെ മെഡിക്കൽ കോളേജിൽ കോവിഡ് വ്യാപനത്തിന് കാരണക്കാരായതിനെത്തുടർന്ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഇന്ത്യൻ കോഫി ഹൗസ് അടച്ചു പൂട്ടിയിരുന്നു. എന്നാൽ, ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് മറികടന്ന് ഇന്ത്യൻ കോഫി ഹൗസ് തുറന്നു പ്രവർത്തിക്കുകയുണ്ടായി. ക്യാന്റീൻ നടത്തിയ കാലയളവിൽ അനുമതിയില്ലാതെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ ഇന്ത്യൻ കോഫി ഹൗസ് നടത്തിയതിനെത്തുടർന്ന് ഇത് സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. 08/06/2022 – ൽ വടക്കാഞ്ചേരി എം.എൽ.എ – യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രോഗികളുടെ കൂട്ടിരുപ്പുകാർക്കുള്ള അഡീഷണൽ ഫസിലിറ്റി/ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്ക് സ്ഥലം കണ്ടെത്താനാകാതെ 2018 മുതൽ ആയത് നടപ്പിലാക്കുവാൻ സാധിച്ചില്ല എന്ന വിലയിരുത്തൽ നടത്തിയിരുന്നു. താൽക്കാലിക ഷെഡിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം അവിടെ നിന്നും ഒഴിപ്പിക്കുന്ന മുറക്ക് ആ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് പ്രസ്തുത യോഗം തീരുമാനമെടുത്തിരുന്നു. ആശുപത്രി വളപ്പിൽ മറ്റൊരു ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് താൽക്കാലിക ഷെഡ് പൊളിച്ചു നീക്കാനും യോഗം തീരുമാനമെടുത്തിരുന്നു. ഇന്ത്യൻ കോഫി ഹൗസ് ഒഴിയുന്നതിന് 21 ദിവസത്തെ സമയമനുവദിച്ചു കൊണ്ട് ഇന്ത്യൻ കോഫി ഹൗസിന് 2022 ഡിസംബർ 27 ന് പ്രിൻസിപ്പാൾ നോട്ടീസ് നൽകിയിരുന്നു. 2022 ഡിസംബർ 29 ന് അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാറോ ലൈസൻസോ ഇല്ലാതെ ചട്ടവിരുദ്ധമായി ഭക്ഷണശാല പ്രവർത്തിപ്പിക്കരുതെന്ന് കാണിച്ച് നോട്ടീസ് നൽകിയതിനെത്തുടർന്ന് ഇക്കാര്യം 39208/2018 നമ്പർ റിട്ട് പെറ്റീഷനിലെ വിധിയുടെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ കോഫി ഹൗസ് സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ

| | | | |
|---|---|---|---|
| | | | 27/2023 നമ്പർ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ കഴമ്പില്ലെന്ന് കണ്ട് ബഹു.ഹൈക്കോടതി കേസ് തള്ളുകയും ഇന്ത്യൻ കോഫി ഹൗസിന് പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അവകാശമില്ലെന്ന് വിധി പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന്, ഇന്ത്യൻ കോഫി ഹൗസ് അധികൃതർ നീക്കം ചെയ്യാതെ വച്ചിരുന്ന ബാക്കി വസ്തുവകകൾ പോലീസിന്റെയും ഇന്ത്യൻ കോഫി ഹൗസ് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ അവിടെ നിന്നും നീക്കുകയും മറ്റൊരു കെട്ടിടത്തിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യുകയുണ്ടായി. തദവസരത്തിൽ അലമാരയിൽ സൂക്ഷിച്ചിരുന്ന 43,360/- രൂപ (നാൽപ്പത്തിമൂവായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) പോലീസിന്റെ സാന്നിദ്ധ്യത്തിൽ ഇന്ത്യൻ കോഫി ഹൗസ് അധികൃതർ കൈപ്പറ്റിയിട്ടുള്ളതാണ്. പിന്നീട് താൽക്കാലിക ഷെഡ് പൊളിച്ച് മാറ്റി പ്രസ്തുത സ്ഥലം പി.ഡബ്ള്യു.ഡി നിർമ്മാണത്തിനായി തയാറാക്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായാലുടനെ പ്രസ്തുത സ്ഥലത്ത് മുടങ്ങിക്കിടന്നിരുന്ന നിർമ്മാണം ആരംഭിക്കുമെന്ന് പി.ഡബ്ള്യു.ഡി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനം ലൈസൻസ് ഇല്ലാതെ എത്ര നാൾ പ്രവർത്തിച്ചുവെന്ന് അറിയിക്കാമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത ഇന്ത്യൻ കോഫി ഹൗസിനെതിരെ ഭക്ഷ്യ സുരക്ഷ വകുപ്പ്, മെഡിക്കൽ കോളേജ് അധികൃതർ എന്നിവർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഡി) | ഇന്ത്യൻ കോഫി ഹൗസ് നടത്തിപ്പുകാർ അവിടത്തെ താത്കാലിക ഷെഡിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ